(സി) ഉണ്ടെങ്കിൽ അതിന്റെ വിശദാംശങ്ങൾ വെളിപ്പെടുത്താമോ;

(ഡി) തൊഴിൽ പ്രശ്നം രൂക്ഷമായിക്കൊണ്ടിരിക്കുന്ന സാഹചര്യത്തിൽ ഹരിജൻ കോ—ഓപ്പറേറ്റീവ് സൊസൈറ്റികൾ മുഖാന്തിരം വാങ്ങിയ ബസ്സുകളിലെ കണ്ടക്ടർമാർക്ക് ലഭ്യമാക്കുന്നതിനുള്ള കുറഞ്ഞ വിദ്യാഭ്യാസയോഗ്യത അഞ്ചാം ക്ലാസ്സായി നിജപ്പെടുത്താൻ ഗവൺമെന്റ് തയ്യാറാകുമോ?

ഗതാഗത വകുപ്പുമന്ത്രി (ശ്രീ. എൻ. സുന്ദരൻ നാടാർ):

(എ) പ്രൈവറ്റ് ബസ് കണ്ടക്ടർ ലൈസൻസിനാവശ്യമായ കുറഞ്ഞ വിദ്യാഭ്യാസ യോഗ്യത എസ്. എസ്. എൽ. സി. കോഴ്സ് പൂർത്തിയാക്കിയിരിക്കുകയോ അല്ലെങ്കിൽ ഒരംഗീകൃത സ്കൂളിൽ നിന്നുള്ള തത്തുല്യ യോഗ്യതയും എസ്. എസ്. എൽ. സി. പരീക്ഷയ്ക്ക് ഹാജരായിരിക്കുകയോ, അതല്ലെങ്കിൽ ഗവൺമെന്റ് പ്രഖ്യാപിച്ചിട്ടുള്ള തത്തുല്യമായ യോഗ്യത ഉണ്ടായിരിക്കുകയോ ആണ്. കൂടാതെ ശാരീരിക യോഗ്യത തെളിയിക്കുന്നതിന് മെഡിക്കൽ പ്രാക്ടീഷണർ നൽകുന്ന എം. ജി. സി. ഫോറത്തിലുള്ള സർട്ടിഫിക്കറും, പ്രഥമ ശുശ്രൂഷ ജോലിക്കുള്ള കഴിവു സൂചിപ്പിക്കുന്ന എഫ്. എ. ഫോറത്തിലുള്ള സർട്ടിഫിക്കറും ഏറ്റവും പുതിയതായി എടുത്ത ഫോട്ടോഗ്രാഫിന്റെ രണ്ടു പകർപ്പും, വയസ്സും വിദ്യാഭ്യാസ യോഗ്യതയും തെളിയിക്കുന്ന സർട്ടിഫിക്കറും സ്വഭാവ സർട്ടിഫിക്കറുമാണ് ഹാജരാക്കേണ്ട മറ്റു രേഖകൾ. ലൈസൻസിനുള്ള അപേക്ഷ ഫീസ് 17 രൂപയാണ്.

(ബി) 1985 സെപ്റ്റംബർ 18—ാം തീയതിയിലെ ജി. ഒ. (പി) 27/85/റവ. ആർ. ഡി. എന്ന ഉത്തരവു പ്രകാരമാണ് മേൽ പ്രസ്താവിച്ച വിദ്യാഭ്യാസ യോഗ്യത നിർണ്ണയിച്ചിട്ടുള്ളത്.

(സി) കുറഞ്ഞ വിദ്യാഭ്യാസ യോഗ്യത എസ്. എസ്. എൽ. സി. കോഴ്സ് പൂർത്തിയാക്കിയിരിക്കുകയോ, അല്ലെങ്കിൽ ഒരംഗീകൃത സ്കൂളിൽ നിന്നും തത്തുല്യമായ യോഗ്യതയോ എസ്. എസ്. എൽ. സി. പരീക്ഷയ്ക്ക് ഹാജരാകുകയോ അതല്ലെങ്കിൽ ഗവൺമെന്റു പ്രഖ്യാപിച്ചിട്ടുള്ള തത്തുല്യമായ യോഗ്യതയോ ഉണ്ടായിരിക്കേണ്ടതാണ്.

(ഡി) വിദ്യാഭ്യാസപരമായി മുന്നിട്ടു നിൽക്കുന്ന കേരളത്തിൽ ഇപ്പോഴത്തെ നിലവിലുള്ള വിദ്യാഭ്യാസ യോഗ്യത കുറയ്ക്കുന്നത് ആശാസ്യമല്ല.

മലബാറിലെ സ്വകാര്യ വനഭൂമി പതിച്ചു നൽകാൻ നടപടി

* 86. [91] ശ്രീ. കൊരമ്പയിൽ അഹമ്മദ് ഹാജി:

ഡോക്ടർ കെ. സി. ജോസഫ്:

ശ്രീ. കെ. പി. എ. മജീദ്:

ശ്രീ. പി. എം. അബുബേക്കർ:

ശ്രീ. പി. സി. ജോർജ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലബാറിലെ സ്വകാര്യ വനഭൂമി വർഷങ്ങളായി കൈവശം വച്ച് കൃഷി ചെയ്തു വരുന്നവർക്ക് ആ ഭൂമി പതിച്ചു നൽകുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഉണ്ടെങ്കിൽ എന്തു നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ;

(സി) ഇല്ലെങ്കിൽ കാരണമെന്ത്?

റവന്യൂ വകുപ്പുമന്ത്രി (ശ്രീ. പി. ജെ. ജോസഫ്):

(എ), (ബി), (സി) ഗവർക്കാരിൽ നിക്ഷിപ്തമായ സ്വകാര്യവനഭൂമികൾ ഏതിച്ചു നൽകുന്നതിന് 1974-ലെ കേരള സ്വകാര്യ വനഭൂമി (നിക്ഷിപ്തമാക്കലും പതിച്ചു കൊടുക്കലും) ചട്ട പ്രകാരം ജില്ലാതല ഉദ്യോഗസ്ഥൻമാർക്ക് അധികാരമുണ്ട്. അതിൻപ്രകാരമുള്ള നടപടികൾ പ്രസ്തുത ഉദ്യോഗസ്ഥൻമാർ സ്വീകരിച്ചിട്ടുണ്ട്.

കെ. എസ്. ആർ. ടി. സി.യിൽ നടത്തിയ ഹിതപരിശോധന

* 87 [92] ശ്രീ. പി. കുമാരൻ:

,, കെ. പി. പ്രഭാകരൻ:

,, വി. കെ. രാജൻ:

,, കെ. ററി. കണാരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗതവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ. എസ്. ആർ. ടി. സി.യിൽ നടത്തിയ ഹിതപരിശോധനയിൽ ഉണ്ടായിട്ടുള്ള ക്രമക്കേടുകളെക്കുറിച്ച് പരാതികൾ ലഭിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഏതെല്ലാം യൂണിയനുകളാണ് പരാതി നൽകിയിട്ടുള്ളത്;

(സി) ഈ പരാതികളുടെ അടിസ്ഥാനത്തിൽ എന്തെങ്കിലും നടപടികൾ സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ?

ഗതാഗത വകുപ്പുമന്ത്രി (ശ്രീ. എൻ. സുന്ദരൻ നാടാർ):

(എ) ഉണ്ട്.

(ബി) കെ. എസ്. ററി. എംപ്ലോയീസ് യൂണിയനും കെ. എസ്. ആർ. ടി. സി. എക്സ് സർവീസ്മെൻ അസോസിയേഷനും.

(സി) ഇല്ല.

സന്നദ്ധ സംഘടനകളുടെ സഹകരണത്തോടുകൂടി നിർമ്മിക്കുന്ന വീടുകൾ

*88 [93] ശ്രീ. സി. എഫ്. തോമസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സന്നദ്ധ സംഘടനകളുടെ സഹകരണത്തോടു കൂടി സംസ്ഥാനത്ത് ഈ വർഷം എത്ര വീടുകൾ നിർമ്മിക്കാനാണ് ഉദ്ദേശിക്കുന്നത്;

LIBRARY ARCHIVES Kerala Legislative Assembly